# KERALA POLICE INFORMATION CENTRE

No.28/PR/PIC/PHQ/10 Date : 22/04/10

## ശബ്ദമലിനീകരണത്തിനെതിരെ നിയമനടപടി സ്വീകരിക്കാം

അധികം അറിയപ്പെടാത്തതും അദൃശ്യവുമായ ഒരു ആരോഗ്യപ്രശ്നമാണ് ശബ്ദമലിനീകരണം. അനാവശ്യവും ആരോഗ്യത്തെ ബാധിക്കുന്നതുമായ ഏതൊരു ശബ്ദവും ശബ്ദമലിനീകരണമാണ്. ഫാക്ടറികളിലും മറ്റും ജോലി ചെയ്യുന്ന മുതിർന്നവർ, സമൂഹത്തിലെ യുവാക്കൾ, യുവതികൾ, കുട്ടികൾ എന്നിവർ ശബ്ദമലിനീകരണം കൂടുതൽ അനുഭവിക്കുന്നവരാണ്. ശബ്ദമലീനകരണനിയമം 2000 ൽ നിലവിൽ വന്നു. ഓരോ ശബ്ദത്തിനും ഡെസിബെൽ (ശബ്ദസാന്ദ്രത അളക്കുന്നതിനുള്ള യൂണിറ്റ്) നിശ്ചയിച്ചിട്ടുണ്ട്. 1986 ലെ പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം പടക്കംപൊട്ടുന്ന സ്ഥലത്തുനിന്നും 4 മീറ്റർ ദൂരെ 125 മുതൽ 145 ഡെസിബെൽ ശബ്ദം സൃഷ്ടിക്കുന്ന പടക്കങ്ങളുടെ നിർമ്മാണം, വില്പന, ഉപയോഗം എന്നിവ നിരോധിച്ചിട്ടുണ്ട്. ഇതുപോലെ ശബ്ദമലിനീകരണം ഉണ്ടാക്കുന്ന ഓരോ വസ്തുക്കൾക്കും ഡെസിബെൽ അനുവദിച്ചിട്ടുണ്ട്.

ജനറേറ്ററുകളിൽ നിന്നുള്ള ശബ്ദം, തീവണ്ടി, വിമാനം, സ്ഫോടനങ്ങൾ, ഉച്ചഭാഷിണികൾ, വാഹനങ്ങളുടെ ഹോൺ, യന്ത്രങ്ങൾ, നിർമ്മാണപ്രവർത്തനങ്ങൾ, നായ്ക്കളുടെ കുര, വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള ശബ്ദം, വെടിക്കെട്ടുകൾ മുതലായവയാണ് പ്രധാന ശബ്ദമലിനീകരണ ഉറവിടങ്ങൾ. ഉച്ചത്തിലുള്ള ശബ്ദമലിനീകരണം കാരണം കേൾവി നഷ്ടപ്പെടുക, ഹൃദയമിടിപ്പ് കൂടുക, രക്തസമ്മർദ്ദം കൂടുക, ഉറക്കമില്ലായ്മ, ശ്വാസോച്ഛ്വാസഗതി വർദ്ധിക്കുക, കർമ്മശേഷി കുറയുക, ഹൃദ്രോഗങ്ങൾ ഉണ്ടാകുക മുതലായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. ഇത്തരം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാനും ശുദ്ധമായ ശബ്ദാന്തരീക്ഷം നിലനിർത്താനും സമൂഹത്തിന് ബാദ്ധ്യതയുണ്ട്. സ്വച്ഛവും ശുദ്ധവുമായ ശബ്ദാന്തരീക്ഷം നിലനിർത്തുന്നതിനുള്ള ബാദ്ധ്യത സർക്കാരിന്റെ ചുമതലയാണ്.

പോലീസ് കമ്മീഷണർമാർ, സൂപ്രണ്ടുമാർ, ഡെപ്യൂട്ടി സൂപ്രണ്ടിൽ കുറയാത്ത റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥർ എന്നിവർക്ക് 2000 ലെ ശബ്ദമലിനീകരണ നിയമം അനുസരിച്ച് ശബ്ദം നിയന്ത്രിക്കാനുള്ള അധികാരമുണ്ട്. ഉച്ചഭാഷിണി ഉപയോഗിക്കുന്നതിനുള്ള അനുമതി വാങ്ങേണ്ടത് മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരിൽ നിന്നാണ്. പെട്ടിരൂപത്തിലുള്ള ഉച്ചഭാഷിണികളിൽ രണ്ടുസ്പീക്കറിൽ കൂടുതൽ ഉപയോഗിക്കുവാൻ പാടുള്ളതല്ല. ആരാധനാലയങ്ങളിലും ആഘോഷപരിപാടികളിലും ഉച്ചഭാഷിണി രാവിലെ 6 മണിക്കും രാത്രി 10 മണിക്കും ഇടയ്ക്ക് മാത്രമെ ഉപയോഗിക്കുവാൻ പാടുള്ളൂ എന്നും വ്യവസ്ഥയുണ്ട്. നിയന്ത്രണവിധേയമായ ഇളവുകൾ അനുവദനീയമാണ്.

അനുവദനീയമായ ശബ്ദത്തേക്കാൾ ഉയർന്ന ശബ്ദമുണ്ടാക്കുകയോ ശബ്ദമുണ്ടാക്കുന്നതായി ബോദ്ധ്യപ്പെടുകയോ ചെയ്താൽ നിയമം ലംഘിക്കുന്നവർക്കെതിരെ പരാതി കൊടുക്കേണ്ടതാണ്. പരാതിയുടെ അടിസ്ഥാനത്തിലും അല്ലാതെയും പോലീസ് ഉദ്യോഗസ്ഥർക്ക് നിയമനടപടികൾ സ്വീകരിക്കാവുന്നതാണ്.

The contents of this document may be deemed to be based on received information which is subject to further verification